DESPATCHED
On. 08/06/2020
17. 2. 20

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
## തിരുവനന്തപുരം 695 001

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic@kerala.nic.in

ഹർജി നമ്പർ **AP. 2083*(7)/2013*/***എസ്.ഐ.സി.*

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം

(ഫയൽ നം. 13711/*എസ്.ഐ.സി–ജി 6/2013*)

സന്നിഹിതൻ

**ഡോ.കെ.എൽ.വിവേകാനന്ദൻ, ബഹു.വിവരാവകാശ കമ്മീഷണർ**

**ശ്രീ.എസ്. ബാബു,
ശങ്കരമംഗലം,
ഇരിട്ടി.** — **അപ്പീൽ ഹർജിക്കാരൻ**

**Vs**

1. **സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,
കീഴൂർ– ചാവശ്ശേരി ഗ്രാമപഞ്ചായത്ത്,
പി.ഒ.പുന്നാട്, കണ്ണൂർ – 670 703.**

2. **അപ്പീൽ അധികാരി,
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയം,
കണ്ണൂർ.**

— **എതിർകക്ഷികൾ**

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 08.04.2013 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 08.05.2013 |
| ഒന്നാം അപ്പീൽ സമർപ്പിച്ച തീയതി | 04.07.2013 |
| ഒന്നാം അപ്പീലിന് മറുപടി ലഭ്യമാക്കിയ തീയതി | 20.07.2013 |
| കമ്മീഷനിൽ അപ്പീൽ സമർപ്പിച്ച തീയതി | 25.09.2013 |
| കമ്മീഷനിൽ അപ്പീൽ കൈപ്പറ്റിയ തീയതി | 30.09.2013 |
| ഹിയറിംഗ് നടന്ന തീയതി & സ്ഥലം | 21.01.2020 – വീഡിയോ കോൺഫറൻസ് ഹാൾ, കളക്ടറേറ്റ്, കൊല്ലം. |
| ഹിയറിംഗിലെ സാന്നിദ്ധ്യം : അപ്പീൽ ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ. | ഹാജരായിരുന്നു<br>ഹാജരായിരുന്നു |

# ഉത്തരവ്

അപ്പീൽ ഹർജിക്കാരനായ ശ്രീ.എസ്.ബാബു, 25.09.2013 ൽ കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീലിന്മേൽ ബോധിപ്പിച്ചത്, വിവരാവകാശ നിയമപ്രകാരം ടിയാൻ ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയ്ക്കും അപ്പീലിനും തൃപ്തികരമായ മറുപടി ലഭ്യമായില്ലായെന്നും ആയതിനാൽ ആവശ്യപ്പെട്ട വിവരങ്ങൾ വ്യക്തമായും ലഭ്യമാക്കണമെന്നുമാണ്.

2. വിവരാവകാശ നിയമത്തിലെ 6(1) വകുപ്പു പ്രകാരം അപ്പീൽ ഹർജിക്കാരൻ 08.04.2013 തീയതി ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്നത് താഴെപറയുന്ന വിവരങ്ങളായിരുന്നു:

I. കീഴൂർ- ചാവശ്ശേരി ഗ്രാമപഞ്ചായത്ത് വക പഴയ ബസ് സ്റ്റാന്റ് സ്ഥിതി ചെയ്യുന്ന സ്ഥലത്തിന്റെ വിസ്തീർണ്ണം, സർവ്വെ നമ്പർ എത്രയാണ്. സ്ഥലം സംഭാവന ചെയ്ത വ്യക്തികളുടെ പേരു വിവരം, സ്ഥലം പഞ്ചായത്തിനു ലഭ്യമായ വർഷം, സ്ഥലം അളന്നു തിട്ടപ്പെടുത്തിയിട്ടുണ്ടോ? സ്ഥലം കൈയേറ്റം നടത്തിയിട്ടുണ്ടോ? തുടങ്ങിയ വിവരങ്ങൾ ലഭ്യമാക്കുക.

II. ടി സ്ഥലത്തെ ഷോപ്പിംഗ് കോംപ്ലക്സിനു ചീഫ് ടൗൺ പ്ലാനറുടെയോ, ജില്ല ടൗൺപ്ലാനറുടെയോ അംഗീകാരം കിട്ടിയിട്ടുണ്ടോ? ഉണ്ടെങ്കിൽ ഉത്തരവിന്റെ നമ്പരും അംഗീകരിച്ച പ്ലാനിന്റെ കോപ്പിയും ലഭ്യമാക്കുക. എന്നതുമായി ബന്ധപ്പെട്ട് 5 വിവരങ്ങളായിരുന്നു.

3. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ 07.11.2013 ൽ കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചിരിക്കുന്നത്, അപ്പീൽ ഹർജിക്കാരൻ 08.04.2013 ൽ സമർപ്പിച്ച വിവരാവകാശ നിയമ പ്രകാരമുള്ള അപേക്ഷയ്ക്ക് 08.05.2013 ന് മറുപടി നൽകിയെന്നും ടി മറുപടി തൃപ്തികരമല്ലാത്തതിനാൽ 20.07.2013 ന് അപ്പീൽ സമർപ്പിക്കുകയും ടി അപ്പീൽ തീർപ്പുകൽപ്പിച്ച് ഉത്തരവുണ്ടാവുകയും ചെയ്തു. കീഴൂർ- ചാവശ്ശേരി ഗ്രാമപഞ്ചായത്ത് മലയോര മേഖലയുടെ ആസ്ഥാനമായതിനാലും ജോലി ഭാരത്തിനനുസരിച്ച് ജീവനക്കാർ ഇല്ലാത്തതിനാൽ സമയബന്ധിതമായി സേവനം നൽകാൻ സാധിക്കുന്നില്ലായെന്നും ആയത് മനപൂർവ്വമല്ലായെന്നും അപ്പീൽ ഹർജിക്കാരൻ പരസ്പരബന്ധമില്ലാത്തതും പൊതുതാല്പര്യമില്ലാത്തതുമായ കാര്യങ്ങൾ നിരന്തരം മറുപടി ആവശ്യപ്പെട്ട് അപേക്ഷ സമർപ്പിച്ചുകൊണ്ട് ജീവനക്കാരെ ബുദ്ധിമുട്ടിപ്പിക്കുന്നുണ്ടെന്നും മറ്റുമാണ്.

4. അപ്പീൽ അധികാരി 11.11.2013 തീയതിയായി സമർപ്പിച്ചിരിക്കുന്ന റിപ്പോർട്ടിൽ പ്രസ്താവിച്ചിരിക്കുന്നത്, വിവരാവകാശ നിയമപ്രകാരം സമർപ്പിച്ച അപേക്ഷയ്ക്ക് വിവരങ്ങൾ

ലഭ്യമായില്ലായെന്ന് കാണിച്ചാണ് അപ്പീൽ ഹർജിക്കാരൻ അപ്പീൽ സമർപ്പിച്ചിരിക്കുന്നത്. ടി അപ്പീലിന്മേൽ നടപടി സ്വീകരിക്കുന്നതിനായി 04.07.2013 ൽ ഇരുകക്ഷികളെയും നേരിൽ കേൾക്കുന്നതിനായി നോട്ടീസ് നൽകുകയും ചെയ്തു. അപ്പീൽ ഹർജിക്കാരൻ സമർപ്പിച്ച അപേക്ഷ പരിഗണിച്ചു വരുന്നുവെന്നും വിവരങ്ങൾ എത്രയും പെട്ടെന്ന് ലഭ്യമാക്കുന്നതാണെന്നും സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ മറുപടി നൽകിയെങ്കിലും തനിക്ക് യാതൊരുവിധ മറുപടിയും ലഭ്യമായില്ലായെന്ന് അപ്പീൽ ഹർജിക്കാരൻ അറിയിച്ചു. ഹർജിയുമായി ബന്ധപ്പെട്ട യാതൊരു രേഖകളും സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർക്കു വേണ്ടി ഹാജരായ ജൂനിയർ സൂപ്രണ്ട് ഹാജരാക്കിയില്ലായെന്നും അപ്പീൽ ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരങ്ങൾ ഒന്നും തന്നെ എതിർകക്ഷി അനുവദിച്ചിട്ടില്ലായെന്നും കണ്ടെത്തിയതിനാൽ ടിയാൻ ആവശ്യപ്പെട്ട മുഴുവൻ വിവരങ്ങളും, രേഖകളുടെ പകർപ്പുകളും സൗജന്യമായി 7 ദിവസത്തിനുള്ളിൽ അനുവദിക്കണമെന്ന് നിർദ്ദേശം നൽകി അപ്പീൽ തീർപ്പാക്കി ഉത്തരവാകുകയും ചെയ്തിട്ടുണ്ടെന്നും മറ്റുമാണ്.

5. ഇരുകക്ഷികളെയും നേരിൽ കേൾക്കുന്നതിനായി 21.01.2020 ൽ കമ്മീഷൻ ഹിയറിംഗ് പോസ്റ്റു ചെയ്തതനുസരിച്ച് അപ്പീൽ ഹർജിക്കാരനും സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസറും ഹാജരായിരുന്നു.

6. അപ്പീൽ ഹർജിയും എതിർകക്ഷി സമർപ്പിച്ച റിപ്പോർട്ടും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിലും എതിർകക്ഷിയെ നേരിൽ കേട്ടതിലും അപ്പീൽ ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരങ്ങൾ എതിർകക്ഷി നൽകിയതായി കാണുന്നില്ല. ടി സാഹചര്യത്തിൽ അപ്പീൽ ഹർജിക്കാരൻ ആവശ്യപ്പെട്ട എല്ലാ വിവരവും ടി ഉത്തരവ് ലഭിച്ച് 7 ദിവസത്തിനകം സൗജന്യമായി ടിയാന് ലഭ്യമാക്കേണ്ടതും ആയതിന്റെ പകർപ്പ് റിപ്പോർട്ടു സഹിതം കമ്മീഷനിൽ ലഭ്യമാക്കേണ്ടതുമാണെന്ന് കമ്മീഷൻ ഉത്തരവാകുന്നു.

7. മേൽ പ്രസ്താവിച്ച പ്രകാരം ഈ അപ്പീൽ ഹർജി ഇന്നേദിവസം 2020 ഫെബ്രുവരി 17-ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

ഒപ്പ്
**ഡോ.കെ.എൽ.വിവേകാനന്ദൻ**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**ജോയിന്റ് സെക്രട്ടറി (ഫിനാൻസ്)**

STATE INFORMATION COMMISSION • KERALA, THIRUVANANTHAPURAM

RIGHT TO INFORMATION